# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2955 02.04.2013-ൽ മറുപടിക്ക്

## കോഴ വാങ്ങുന്നതായ പരാതി സംബന്ധിച്ചുള്ള അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിൽ സ്ഥലം മാറ്റത്തിനും കരാറുകാരുടെ ബില്ലുകൾ പാസാക്കുന്നതിനും വൻതോതിൽ കോഴ വാങ്ങുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത പരാതിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ;<br><br>(സി) ആരൊക്കെയാണ് പ്രസ്തുത വിഷയത്തിൽ ബന്ധമുള്ളതായി സംശയിക്കുന്നതെന്നറിയിക്കുമോ;<br><br>(ഡി) ഏതെങ്കിലും മന്ത്രിയുടെ സ്റ്റാഫിന് പ്രസ്തുത വിഷയത്തിൽ ബന്ധമുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ; | (എ, ബി, സി, ഡി) പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി ശ്രീ. എ. നാസിമുദ്ദീൻ കൈക്കൂലി വാങ്ങുന്നതായി ആരോപിച്ച് കൊണ്ട് ഡിപ്പാർട്ട്മെന്റ് എഞ്ചിനീയേഴ്സ് സ്റ്റാഫ് എന്ന് മാത്രം രേഖപ്പെടുത്തിയ ബന്ധപ്പെട്ടവരുടെ പേരോ വിലാസമോ ഇല്ലാത്ത ഒരു കത്ത് വിജിലൻസിന് ലഭിക്കുകയുണ്ടായി. ഈ കത്തിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു രഹസ്യാന്വേഷണം നടത്തുകയുണ്ടായി എന്നും പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ ഉദ്യോഗസ്ഥന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കണമെന്നും വിജിലൻസ് വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ഇ) എങ്കിൽ പ്രസ്തുത വ്യക്തികൾ ഇപ്പോഴും സ്റ്റാഫിൽ തുടരുന്നുണ്ടോയെന്നറിയിക്കുമോ? | (ഇ) പ്രസ്തുത ഉദ്യോഗസ്ഥൻ ലീവിൽ പ്രവേശിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ